ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ശ്രീ. എ. എക്സ്. മാത്യു, അറയ്ക്കൽ വീട്ടിൽ, ചെല്ലാനം.

(ഡി) ഉണ്ടായിരുന്നു.

(ഇ) ഹൈക്കോടതിയിൽ ഉണ്ടായിരുന്ന ഒ.പി.നം.23510/2000-ലെ വിധിക്കെതിരെ ശ്രീ. എം. എ. ജോസഫ് ഫയൽ ചെയ്ത 1862/2000-ാം നമ്പർ റിവ്യൂ പെറ്റീഷനും കൊച്ചി ജുഡീഷ്യൽ കോടതിയിൽ എസ്.റ്റി.462/99 നമ്പരായി ഫയൽ ചെയ്തിരുന്ന കേസ് തള്ളിയതിനെതിരായി ശ്രീ. എം. എ. ജോസഫ് ഫയൽ ചെയ്ത 44/2000 നമ്പർ പെറ്റീഷൻ എറണാകുളം ജില്ലാ കോടതിയിലും നിലവിലുണ്ട്.

(എഫ്) വ്യക്തിപരമായിട്ടാണ് ഫയൽചെയ്തിട്ടുള്ളത്.

(ജി) വണ്ടി ഓടിച്ചിരുന്ന ഡ്രൈവർക്ക് ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരുന്നു. പുതുക്കാൻ കൊടുത്ത രേഖ കാണിച്ചിട്ടുണ്ട്. വ്യക്തിപരമായാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

(എച്ച്) നാളിതുവരെ തുകയൊന്നും ചെലവാക്കിയിട്ടില്ല.

(ഐ) തുക ഒന്നും ചെലവ് വന്നിട്ടില്ല.

(ജെ) ചോദ്യം ഉദിക്കുന്നില്ല.

ഇന്ദിരയുടെ പരാതി

116 (514) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ പിറവത്തൂർ ഗ്രാമപഞ്ചായത്തിലെ യു.ഡി. ക്ലാർക്ക് എൻ. ഇന്ദിരാ, തന്റെ സീനിയോറിറ്റി മറികടന്ന് ജൂനിയർമാരെ പ്രൊമോട്ട് ചെയ്തതു സംബന്ധിച്ച് സർക്കാരിൽ പരാതി നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) ഇത് സംബന്ധിച്ച വിശദവിവരങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി-സി) ശ്രീമതി എൻ. ഇന്ദിരയുടെ പരാതി പരിശോധിച്ചതിൽ ടിയാൾ 30-9-1988-ലെ പബ്ലിക് സർവീസ് കമ്മീഷൻ അഡ്വൈസ് മുഖേന 25-10-1988-ൽ പത്തനംതിട്ട ജില്ലയിൽ എൽ.ഡി. ക്ലാർക്കായി ജോലിയിൽ പ്രവേശിച്ച് 11/91-ൽ നടന്ന ഡിപ്പാർട്ടുമെന്റൽ ടെസ്റ്റിൽ ഉദ്യോഗക്കയറ്റം ലഭിക്കുന്നതിനാവശ്യമായ യോഗ്യത നേടിയിരുന്നു. പ്രസ്തുത ടെസ്റ്റിന്റെ ഫലം പ്രസിദ്ധീകരിച്ചത് 17-3-1992-ൽ ആണ്.

ശ്രീമതി ഇന്ദിരയുടെ പരാതിയിൽ പരാമർശിച്ചിട്ടുള്ള റിവ്യൂ ലിസ്റ്റിൽ 561-ാം ക്രമനമ്പരുകാരനായ ശ്രീ. പി. ജെ. പീറ്റർ 6/90-ൽ ടെസ്റ്റ് യോഗ്യത നേടിയ ആളാണ്. പ്രസ്തുത ലിസ്റ്റിലെ 563-ാം ക്രമനമ്പരുകാരനായ ശ്രീ. പി. ടി. ഉസ്മാൻ 6/90-ൽ ടെസ്റ്റ് യോഗ്യത നേടിയ ആളുമാണ്. റിവ്യൂ ലിസ്റ്റിൽ 756-ാം ക്രമനമ്പരുകാരനായ ശ്രീ. എ. ഷാനവാസ് 1-11-1989-ൽ സർവ്വീസിൽ വന്നയാളാണെങ്കിലും അദ്ദേഹം ഡിപ്പാർട്ട്മെന്റ് ജീവനക്കാരനായതിനാൽ സ്പെഷ്യൽ റൂൾ അനുസരിച്ചുള്ള റേഷ്യോ മുഖേന റിവ്യൂ ലിസ്റ്റിൽ സ്ഥാനം ലഭിച്ചയാളുമാണ്. ശ്രീമതി എൻ. ഇന്ദിര യു. ഡി. ക്ലർക്ക് തസ്തികളിലേക്ക് ഉദ്യോഗക്കയറ്റം ലഭിക്കുന്നതിനാവശ്യമായ യോഗ്യത നേടിയ 17-3-1992-ന്ശേഷം അവരുടെ ജൂനിയർ ആയ ആർക്കും തന്നെ അവർക്ക് മുകളിലായി റിവ്യൂ ലിസ്റ്റിൽ സ്ഥാനം നിശ്ചയിച്ച് നൽകിയിട്ടില്ല.

പട്ടികവിഭാഗക്കാരുടെ ക്ഷേമത്തിനായി അനുവദിച്ച പ്ലാൻ ഫണ്ട്

117 (515) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലാപഞ്ചായത്തിന് പട്ടിക വിഭാഗക്കാരുടെ ക്ഷേമത്തിനായി അനുവദിച്ച പ്ലാൻ ഫണ്ട് ലാപ്സാക്കിയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജില്ലാപഞ്ചായത്തിന് ജനകീയാസൂത്രണ പദ്ധതി പ്രകാരം അനുവദിച്ച പ്ലാൻ ഫണ്ടിൽ എത്ര തുക ചെലവഴിക്കാതെ സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഏതൊക്കെ മേഖലകളിൽ ചെലവഴിക്കേണ്ടിയിരുന്ന ഫണ്ടാണ് ലാപ്സാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

അരുവാപ്പുലം പഞ്ചായത്തിലെ മണൽ ലേലവുമായി ബന്ധപ്പെട്ട അഴിമതി അന്വേഷണം

118 (516) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly